**HADIA CSE Khutba Notes (03.08.2018)**

# ഹജ്ജിന്റെ പാഠവും സി.എച്ച് ഉസ്താദ് അനുസ്മരണവും

വിശുദ്ധമായ ദുൽഖഅ്ദ മാസം കഴിഞ്ഞ് നാം ദുൽഹിജ്ജയിലേക്ക് കടക്കാനിരിക്കുകയാണ്. ദുൽഹിജ്ജ എന്നാൽ ഹജ്ജ് ഉള്ള മാസം. ഇനി ഹജ്ജിനെപ്പറ്റിയുള്ള ചിന്തകളുടെയും പഠനത്തിന്റെയും നാളുകൾ. ഇസ്‌ലാമിലെ അഞ്ചാമത്തെ സ്തംഭമാണല്ലോ നമുക്കെല്ലാവർക്കും സുപരിചിതമായ ഹജ്ജ്.

എന്താണ് ഹജ്ജ്? ഇതിന് നിരവധി മറുപടികൾ പറയാനുണ്ട്. ഒരു പക്ഷേ, ഇങ്ങനെ ഒരുപാട് മറുപടികൾ ഉള്ളത് തന്നെയാവണം ഹജ്ജിന്റെ സൗന്ദര്യവും. ഹജ്ജിനെ പറ്റിയും ഹജ്ജിന് വേണ്ടി യാത്ര പോയതിനെ പറ്റിയും എത്രയെത്ര കൃതികളാണ് ചരിത്രത്തിൽ എഴുതപ്പെട്ടിട്ടുള്ളത് ? ഖുർആൻ പറയുന്നത് ഹജ്ജ് എന്താണെന്ന് ചെന്ന് അനുഭവിച്ച് മനസ്സിലാക്കുക തന്നെ വേണമെന്നാണ് (ശഹാദത്ത് എന്ന പദം ശ്രദ്ധിക്കുക).

**وَأَذِّنْ فِي النَّاسِ بِالْحَجِّ يَأْتُوكَ رِجَالًا وَعَلَى كُلِّ ضَامِرٍ يَأْتِينَ مِنْ كُلِّ فَجٍّ عَمِيقٍ <u>لِيَشْهَدُوا</u> مَنَافِعَ لَهُمْ وَيَذْكُرُوا اسْمَ اللَّهِ فِي أَيَّامٍ مَعْلُومَاتٍ (الحج) وعن ابى حنيفة رحمه الله انه كان يفاضل بين العبادات قبل ان يحج فلما حج فضّل الحج على العبادات كلها لما شاهد من تلك الخصائص.**

ഹജ്ജ് എന്താണ് എന്ന ചോദ്യത്തിനുള്ള ശ്രദ്ധേയമായ ഒരു മറുപടിയാണ് ഇന്ന് നാം ചർച്ച ചെയ്യുന്നത്. അഥവാ, അത് അല്ലാഹുവിന്റെ മുമ്പിലുള്ള സമ്പൂർണ്ണ ഉബൂദിയ്യത്തിലേക്കും അത് പ്രകടിപ്പിക്കുന്നതിലേക്കുമുള്ള പ്രയാണമാണ്.

എന്ത് കൊണ്ട്? യജമാനൻ ഒരു കാര്യം പറഞ്ഞാൽ അതിന്റെ കാര്യകാരണവും യുക്തിയും അതുകൊണ്ട് നമുക്ക് ലഭിക്കുന്ന ആത്മീയവും ഭൗതികവുമായ നേട്ടങ്ങളും നോക്കാതെ അനുസരിക്കുന്നതാണല്ലോ സമ്പൂർണ അടിമത്തം. ഹിറ്റ്ലർ തന്റെ സേവകൻമാരുടെ പ്രതിബദ്ധത അളക്കാൻ അവരിൽ ചിലരോട് ബഹുനില കെട്ടിട സമുച്ചയങ്ങളുടെ മുകളിൽ നിന്ന് ചാടാൻ പറയുമായിരുന്നത്രേ. തങ്ങൾ മരിക്കുമെന്ന് ഭയക്കുക പോലും ചെയ്യാതെ അവർ അത് അനുസരിക്കുകയും ചെയ്യുമായിരുന്നു. ഇതാണ് സമ്പൂർണ അടിമത്തം.

ഇതല്ലേ ഹജ്ജിൽ നടക്കുന്നത്? മറ്റ് പല ആരാധനകൾ എടുത്താലും അതിന്റെ പിന്നിലുള്ള യുക്തി നമുക്ക് വ്യക്തമാണ്. ഉദാഹരണം, നോമ്പ് കൊണ്ട് മാനസികവും ശാരീരികവുമായ ആരോഗ്യം വർധിക്കുന്നു. സകാത്ത് കൊണ്ട് ദാരിദ്ര്യം നിർമാർജനം ചെയ്യപ്പെടുന്നു. നിസ്കാരം കൊണ്ടും നിരവധി നേട്ടങ്ങളുണ്ടെന്ന് ശാസ്ത്രം പറയുന്നു. എന്നാൽ ഹജ്ജിലെ കർമങ്ങളുടെ പിന്നിലുള്ള യുക്തിയെന്താണ്?

ഇത് നമുക്ക് മനസ്സിലാകുന്നില്ലെന്ന് മാത്രമല്ല, പല പ്രവർത്തനങ്ങളും (ഉദാ; സഅ്യ്, ത്വവാഫ്, കല്ലേറ്, രാപാർക്കൽ) പ്രത്യക്ഷത്തിൽ അയുക്തികമായിട്ടാണ് നമുക്ക് തോന്നുക. പിന്നെയും എന്തുകൊണ്ട് ഹാജിമാർ ഇവയെല്ലാം ചെയ്യുന്നു? ഒറ്റ മറുപടി; അല്ലാഹു പറഞ്ഞത് കൊണ്ട്. ഇതു തന്നെയാണ് ഉബൂദിയ്യത്ത്.

**إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا سَمِعْنَا وَأَطَعْنَا وَأُولَٰئِكَ هُمُ الْمُفْلِحُونَ * وَمَن يُطِعِ اللَّهَ وَرَسُولَهُ وَيَخْشَ اللَّهَ وَيَتَّقْهِ فَأُولَٰئِكَ هُمُ الْفَائِزُونَ (النور)**

കേൾക്കുമ്പോൾ ഇത് നിസ്സാരമല്ലേ എന്ന് തോന്നാം. പക്ഷേ, ഒരിക്കലുമല്ല. പ്രത്യേകിച്ച് യുക്തി കൊണ്ട് കാര്യങ്ങളെ അളക്കുന്ന യുക്തിവാദത്തിന് ഏറെ പ്രചാരം സിദ്ധിച്ച ഇക്കാലത്ത്. ഉബൂദിയ്യത്തിനപ്പുറം യുക്തിക്ക് പ്രാധാന്യം കൊടുത്തത് കൊണ്ടാണ് പിശാചും ഫിർഔനും മക്കാമുശ്‌രിക്കുകളും പിഴച്ചതെന്ന് ഖുർആൻ പഠിപ്പിക്കുന്നു.

**قَالَ يَاإِبْلِيسُ مَا مَنَعَكَ أَنْ تَسْجُدَ لِمَا خَلَقْتُ بِيَدَيَّ أَسْتَكْبَرْتَ أَمْ كُنْتَ مِنَ الْعَالِينَ  قَالَ أَنَا خَيْرٌ مِنْهُ خَلَقْتَنِي مِنْ نَارٍ وَخَلَقْتَهُ مِنْ طِينٍ (ص)**

**HADIA CSE Khutba Notes (03.08.2018)**

# ഹജ്ജിന്റെ പാഠവും സി.എച്ച് ഉസ്താദ് അനുസ്മരണവും

**وَقَالَ فِرْعَوْنُ يَاأَيُّهَا الْمَلَأُ مَا عَلِمْتُ لَكُمْ مِنْ إِلَهٍ غَيْرِي فَأَوْقِدْ لِي يَاهَامَانُ عَلَى الطِّينِ فَاجْعَلْ لِي صَرْحًا لَعَلِّي أَطَّلِعُ إِلَى إِلَهِ مُوسَى وَإِنِّي لَأَظُنُّهُ مِنَ الْكَاذِبِينَ (القصص)**

**وَقَالُوا لَوْلَا نُزِّلَ هَذَا الْقُرْآنُ عَلَى رَجُلٍ مِنَ الْقَرْيَتَيْنِ عَظِيمٍ (زخرف)**

ഇസ്‌ലാമിൽ യുക്തിക്കല്ല പ്രാഥമിക സ്ഥാനം, ഉബൂദിയ്യത്തി(പറഞ്ഞത് അപ്പടി അനുസരിക്കുക)നാണ്. അതു കൊണ്ടാണ് ഖുർആൻ പ്രാരംഭത്തിൽ തന്നെ തഖ്‌വയുള്ളവരെ ഇപ്രകാരം വിശദീകരിച്ചത്:

**الَّذِينَ يُؤْمِنُونَ بِالْغَيْبِ وَيُقِيمُونَ الصَّلَاةَ وَمِمَّا رَزَقْنَاهُمْ يُنْفِقُونَ (البقرة)**

യഥാർത്ഥത്തിൽ ഒരു മനുഷ്യന്റെ മഹത്വം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് നാം പറഞ്ഞ ഉബൂദിയ്യത്ത് അവനിൽ ഉറച്ചുകൊണ്ടിരിക്കുമ്പോഴാണ്. അതുകൊണ്ടാണ് പ്രവാചകർ (സ്വ) സ്വയം അടിമയാണെന്നതിൽ അഭിമാനം കൊണ്ടത്.

**عَنْ أَبِي هُرَيْرَةَ قَالَ جَلَسَ جِبْرِيلُ إِلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَنَظَرَ إِلَى السَّمَاءِ فَإِذَا مَلَكٌ يَنْزِلُ فَقَالَ جِبْرِيلُ إِنَّ هَذَا الْمَلَكَ مَا نَزَلَ مُنْذُ يَوْمِ خُلِقَ قَبْلَ السَّاعَةِ فَلَمَّا نَزَلَ قَالَ يَا مُحَمَّدُ أَرْسَلَنِي إِلَيْكَ رَبُّكَ قَالَ أَفَمَلِكًا نَبِيًّا يَجْعَلُكَ أَوْ عَبْدًا رَسُولًا قَالَ جِبْرِيلُ تَوَاضَعْ لِرَبِّكَ يَا مُحَمَّدُ قَالَ بَلْ عَبْدًا رَسُولًا (احمد)**

**عبد الله بن عباس -رضي الله عنهما- قال : سمعتُ عُمَرَ يقول علي المنبر : سمعتُ رسولَ الله -صلى الله عليه وسلم- يقول : «لا تُطْروني كما أَطْرَتِ النصارى ابنَ مريم ، فإنما أنا عبد ، فقولوا : عبد الله ورسولُه» (متفق عليه)**

**عَنْ عَبْدِ اللهِ بْنِ عُبَيْدِ بْنِ عُمَيْرٍ ، عَنْ عَائِشَةَ ، قَالَتْ : قُلْتُ : يَا رَسُولَ اللهِ ، كُلْ ، جَعَلَنِي اللَّهُ فِدَاكَ ، مُتَّكِئًا ، فَإِنَّهُ أَهْوَنُ عَلَيْكَ ، فَأَصْغَى بِرَأْسِهِ حَتَّى كَادَ أَنْ تُصِيبَ جَبْهَتُهُ الأَرْضَ ، قَالَ : لا ، بَلْ آكُلُ كَمَا يَأْكُلُ الْعَبْدُ ، وَأَجْلِسُ كَمَا يَجْلِسُ الْعَبْدُ (شرح السنة)**

**عَنْ عَائِشَةَ ، قَالَتْ : قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : يَا عَائِشَةُ ، لَوْ شِئْتُ ، لَسَارَتْ مَعِي جِبَالُ الذَّهَبِ ، جَاءَنِي مَلَكٌ إِنَّ حُجْزَتَهُ لَتُسَاوِي الْكَعْبَةَ ، فَقَالَ : إِنَّ رَبَّكَ يَقْرَأُ عَلَيْكَ السَّلامَ ، وَيَقُولُ : إِنْ شِئْتَ نَبِيًّا عَبْدًا ، وَإِنْ شِئْتَ نَبِيًّا مَلِكًا ، فَنَظَرْتُ إِلَى جِبْرِيلَ عَلَيْهِ السَّلامُ ، فَأَشَارَ إِلَيَّ أَنْ ضَعْ نَفْسَكَ ، فَقُلْتُ : نَبِيًّا عَبْدًا قَالَتْ : فَكَانَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بَعْدَ ذَلِكَ لا يَأْكُلُ مُتَّكِئًا ، يَقُولُ : آكُلُ كَمَا يَأْكُلُ الْعَبْدُ ، وَأَجْلِسُ كَمَا يَجْلِسُ الْعَبْدُ " (شرح السنة)**

അല്ലാഹു ഖുർആനിൽ പലയിടത്തും മലക്കുകളെയും പ്രമുഖ പ്രവാചകൻമാരെയും തന്റെ പ്രിയപ്പെട്ട വിശ്വാസികളെയും വിളിച്ചത് അടിമകൾ എന്നാണ്.

**قال في وصف ملائكته: {بَلْ عِبَادٌ مُّكْرَمُونَ * لاَ يَسْبِقُونَهُ بِالْقَوْلِ وَهُمْ بِأَمْرِهِ يَعْمَلُونَ * يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يَشْفَعُونَ إِلاَّ لِمَنِ ارْتَضَى وَهُمْ مِّنْ خَشْيَتِهِ مُشْفِقُونَ} (الانبياء)**

**وقال في وصف عيسى عليه السلام: {إِنْ هُوَ إِلاَّ عَبْدٌ أَنْعَمْنَا عَلَيْهِ وَجَعَلْنَاهُ مَثَلاً لِّبَنِى إِسْرَاءِيلَ} (زخرف)**

**HADIA CSE Khutba Notes (03.08.2018)**

# ഹജ്ജിന്റെ പാഠവും സി.എച്ച് ഉസ്താദ് അനുസ്മരണവും

**وقال تعالى: {وَاذْكُرْ عِبَادَنَا إبْراهِيمَ وَإِسْحَاقَ وَيَعْقُوبَ أُوْلِي الأَيْدِي وَالأَبْصَارِ * إِنَّا أَخْلَصْنَاهُمْ بِخَالِصَةٍ ذِكْرَى الدَّارِ * وَإِنَّهُمْ عِندَنَا لَمِنَ الْمُصْطَفَيْنَ الأَخْيَارِ * وَاذْكُرْ إِسْمَاعِيلَ وَالْيَسَعَ وَذَا الْكِفْلِ وَكُلٌّ مِّنَ الأَخْيَارِ} (ص)**
**وقال عن داود: {وَاذْكُرْ عَبْدَنَا دَاوُودَ ذَا الأَيْدِ إِنَّهُ أَوَّابٌ} (ص)**
**وقال عن سليمان: {نِعْمَ الْعَبْدُ إِنَّهُ أَوَّابٌ} (ص)**
**وقال عن أيوب: {وَاذْكُرْ عَبْدَنَا أَيُّوبَ إِذْ نَادَى رَبَّهُ} (ص)**
**وقال عن نوح: {إِنَّهُ كَانَ عَبْدًا شَكُورًا} (الاسراء)**
**{وَعِبَادُ الرَّحْمَانِ الَّذِينَ يَمْشُونَ عَلَى الأَرْضِ هَوْناً وَإِذَا خَاطَبَهُمُ الجَاهِلُونَ قَالُواْ سَلاَماً} (الفرقان)**
**قال القرطبي: "أضافهم إلى عبوديته تشريفا لهم... فمن أطاع الله وعبده وشغل سمعه وبصره ولسانه وقلبه بما أمره فهو الذي يستحق اسم العبودية،**

സൃഷ്ടികളിൽ ഉത്തമരായ പ്രവാചകരെയും അല്ലാഹു നിരവധി തവണ അടിമയെന്ന് വിളിച്ചു (ബഖറ 23, കഹ്ഫ് 1, ജിന്ന് 19, നജ്മ് 10, അലഖ് 10).

പ്രത്യക്ഷത്തിൽ ഒരാളെ അടിമയെന്ന് വിളിക്കുന്നത് അരോചകമായി തോന്നാം. ഇത് യജമാന ന്റെ വലിപ്പവും അടിമയുടെ ചെറുപ്പവും അറിയാത്തത് കൊണ്ടാണ്.

**عن ابن عمر - رضي الله عنهما - : قال : قال رسول الله صلى الله عليه وسلم : «يَطوي الله - عز وجل - السموات يوم القيامة ، ثم يأخُذُهُنَّ بيده اليُمني ، ثم يقول: أَنا الملكُ ، أَيْن الجبَّارُون ؟ أينَ المتَكبِّرون ؟ ثم يطوِي الأرض بشِماله ، ثم يقول : أنا الملكُ ، أين الجبارون ؟ أين المتكبرون ؟». (متفق عليه)**
**فَلْيَنْظُرِ الْإِنْسَانُ مِمَّ خُلِقَ خُلِقَ مِنْ مَاءٍ دَافِقٍ يَخْرُجُ مِنْ بَيْنِ الصُّلْبِ وَالتَّرَائِبِ (الطارق)**

ഇത് അറിഞ്ഞാൽ അല്ലാഹുവിന്റെ അടിമയാണെന്ന് പറയുന്നതിൽ അഭിമാനമാണ് തോന്നുക.

ഈസാ നബി (അ) അഭിമാനിച്ചത് പോലെ.

**أن وفد نجرانَ قالوا لرسول الله صلى الله عليه وسلم : لِمَ تَعيبُ صاحبَنا ، قال : « ومن صاحبُكم؟ » قالوا : عيسى ، قال : « وأيُّ شيء أقول؟ » قالوا : تقول له عبدُ الله ، قال : « إنه ليس بعارٍ أن يكون عبداً لله » ، قالوا : بلى فنزلت لَنْ يَسْتَنْكِفَ الْمَسِيحُ أَنْ يَكُونَ عَبْدًا لِلَّهِ وَلَا الْمَلَائِكَةُ الْمُقَرَّبُونَ وَمَنْ يَسْتَنْكِفْ عَنْ عِبَادَتِهِ وَيَسْتَكْبِرْ فَسَيَحْشُرُهُمْ إِلَيْهِ جَمِيعًا.**
**والنكف معناه أن يزيل الدمع بأصبعه. وإزالة الدمع بالأصبع تعني أن صاحب الدمع يستكبر أن يراه أحد باكياً لأنه مقهور على أمر قد كان، وهذه العملية لا تحدث إلا عندما يريد الإنسان أن يستر بكاءه عن أحد.**
**قرأ علي بن أبي طالب رضي الله عنه ( عبيد الله ) على التصغير .**

മാത്രമല്ല, അല്ലാഹുവിന്റെ അടിമയാവുന്നതിലൂടെ നാം മറ്റുള്ള എല്ലാ അടിമത്തങ്ങളിൽ നിന്നും രക്ഷപ്പെടുകയും കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുകയും ചെയ്യുന്നു. ഇമാം തുർമുദി (റ) പറ യുകയാണ്.

**HADIA CSE Khutba Notes (03.08.2018)**

# ഹജ്ജിന്റെ പാഠവും സി.എച്ച് ഉസ്താദ് അനുസ്മരണവും

**قال الحكيم الترمذي: "إن الله تعالى خلق الخلق عبيدا ليعبدوه، فيثيبهم على العبادة، ويعاقبهم على تركها، فإن عبدوه فهم اليوم له عبيد أحرار كرام من رق الدنيا، ملوك في دار السلام، وإن رفضوا العبودية فهم اليوم عبيد أُبّاق سقّاط لئام، وغدا أعداء في السجون بين أطباق النيران".**

പ്രസ്തുത സ്വാതന്ത്ര്യം ലഭിച്ചത് കൊണ്ട് രിബ്ഇയ്യുബ്നു ആമിർ (റ) ഏകാധിപതിയായ റുസ്തുമിന്റെ കൊട്ടാരത്തിൽ വെച്ച് പ്രഖ്യാപി ച്ചു:

**قصة ربعي ابن عامر رضي الله عنه لما بعثه سعد بن أبي وقاص إلى رستم ( فدخل عليه و قد زينوا مجلسه بالنمارق المذهبة و الزرابي الحرير، و أظهر اليواقيت و اللآلئ الثمينة، و الزينة العظيمة، و عليه تاجه و غير ذلك من الأمتعة الثمينة. و قد جلس على سرير من ذهب. و دخل ربعي بثياب صفيقة و سيف و ترس و فرس قصيرة، و لم يزل راكبها حتى داس بها طرف البساط، ثم نزل و ربطها ببعض تلك الوسائد و أقبل و عليه سلاحه و درعه و بيضته على رأسه. فقالوا له : ضع سلاحك. فقال : إني لم آتكم، و إنما جئتكم حين دعوتموني فان تركتموني هكذا و إلا رجعت. فقال رستم : ائذنوا له فأقبل يتوكأ على رمحه فوق النمارق فخرق عامتها، فقالوا له : ما جاء بكم ؟ فقال الله ابتعثنا لنخرج من شاء من عبادة العباد إلى عبادة الله، و من ضيق الدنيا إلى سعتهما، و من جور الأديان إلى عدل الإسلام، فأرسلنا بدينه إلى خلقه لندعوهم إليه، فمن قبل ذلك قبلنا منه و رجعنا عنه، و من أبي قاتلناه أبدا حتى نفضي إلى موعود الله. قالوا : و ما موعود الله : قال : الجنة لمن مات على قتال من أبي، و الظفر لمن بقي ) (البداية والنهاية)**

ഇപ്രകാരം ഉബൂദിയ്യത്തിന്റെ പദവി ആർജിച്ചവർക്കെല്ലാം ചില പൊതുഗുണങ്ങൾ നമുക്ക് കാണാനാവും. ഉദാഹരണത്തിന്,

തന്റെ സർവ്വസ്വവും (ജനനം മുതൽ മരണം വരെയുള്ളവയും അതിനിടക്ക് സംഭവിക്കുന്നവയും) അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുക. ഇതാണ് നിസ്കാരത്തിലെ പ്രാരംഭ പ്രാർത്ഥനയായ വജ്ജഹ്തുവിൽ നാം പ്രഖ്യാപിക്കുന്നത് (അൻആം 162).

യജമാനന്റെ കൽപന വിട്ട് ഒരടി മുന്നോട്ടും പിന്നോട്ടും ചലിക്കാതിരിക്കുക. ഹസനുൽബസ്വരി പറഞ്ഞല്ലോ,

**قال الحسن ـ رضي الله عنه ـ: «ما ضربتُ ببصري، ولا نطقتُ بلساني، ولا بطشتُ بيدي، ولا نهضتُ على قدمي، حتى أنظر أعلى طاعة أو على معصية؟ فإن كانت طاعة تقدمتُ، وإن كانت معصية تأخرتُ»**

ഒരു നിലക്കും പൈശാചിക ദുർമന്ത്രണങ്ങൾക്ക് വിധേയരാവാതിരിക്കുക. കാരണം, ഇത്തരക്കാരെ പിഴപ്പിക്കാൻ പിശാചിന് സാധിക്കുകയില്ല.

**قَالَ رَبِّ بِمَا أَغْوَيْتَنِي لَأُزَيِّنَنَّ لَهُمْ فِي الْأَرْضِ وَلَأُغْوِيَنَّهُمْ أَجْمَعِينَ إِلَّا عِبَادَكَ مِنْهُمُ الْمُخْلَصِينَ (الحجر)**

**قَالَ فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ إِلَّا عِبَادَكَ مِنْهُمُ الْمُخْلَصِينَ (ص)**

**HADIA CSE Khutba Notes (03.08.2018)**

# ഹജ്ജിന്റെ പാഠവും സി.എച്ച് ഉസ്താദ് അനുസ്മരണവും

**قَالَ هَذَا صِرَاطٌ عَلَيَّ مُسْتَقِيمٌ  إِنَّ عِبَادِي لَيْسَ لَكَ عَلَيْهِمْ سُلْطَانٌ إِلَّا مَنِ اتَّبَعَكَ مِنَ الْغَاوِينَ (حجر)**

കറകളഞ്ഞ തവക്കുൽ. എന്ത് വിഷമങ്ങളുണ്ടെങ്കിലും അത് അല്ലാഹു ഏറ്റെടുക്കുമെന്ന ദൃഢവിശ്വാസം.

സൗർ ഗുഹയിൽ വെച്ച് പ്രവാചകർ (സ്വ) പറഞ്ഞു: അല്ലാഹു കൂടെയുണ്ട് (തൗബ 40). ഫിർഔന്റെ പട്ടാളക്കാർ പിടിക്കുമെന്നായപ്പോൾ മൂസാ (അ) പറഞ്ഞു; എനിക്ക് കൂടെ പടച്ചവനുണ്ട് (ശുഅറാഅ് 62).

ഇതിന്റെ ഏറ്റവും നല്ല വേറൊരു ഉദാഹരണമാണ് തങ്ങളെ കൊല്ലാൻ വന്ന ആളോട് പ്രവാചകർ (സ്വ) പറഞ്ഞ വാക്കും അയാൾ പിന്നീട് തിരിച്ച് പറഞ്ഞതും.

**...فجاء رجل منهم يقال له غورث بن الحارث حتى قام على رأس رسول الله بالسيف وقال: من يمنعك مني ؟ قال:الله ...فسقط السيف من يده فأخذ رسول الله السيف وقال :من يمنعك مني؟ قال :كن خير آخذ (البداية و النهاية)**

ഇങ്ങനെയൊക്കെയുള്ള ആളുകൾ ഇന്നത്തെ കാലത്ത് ഉണ്ടോ എന്ന ഒരു ചോദ്യം ഇവിടെ ഏറെ പ്രസക്തമാണ്. അതിനുള്ള ഉത്തരമാണ് ഏറെ പഠിക്കപ്പെടേണ്ട വ്യക്തിത്വത്തിന്റെ ഉടമയായ മർഹൂം സി.എച്ച്. ഐദറൂസ് മുസ്‌ലിയാർ. വരുന്ന ദുൽഖഅ്ദ 26 മഹാനവറുകളുടെ വഫാത്ത് ദിനമായത് കൊണ്ടാണ് ഇപ്പോൾ അവരെ ഓർക്കാനുള്ള കാരണം. സാധാരണക്കാർക്ക് മാത്രമല്ല, ദീനിന്റെ സേവകൻമാരായ പണ്ഡിതൻമാർക്കും ഉസ്താദിന്റെ ജീവിതം ഒരു പാഠമാണ്. (വിശദ വിവരത്തിന് ഇതിന്റെ കൂടെ ചേർക്കുന്ന കുറിപ്പ് വായിക്കുക).


**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9496445823**